# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 400** | **28.06.2012-ൽ മറുപടി നൽകേണ്ടത്**

# കാര്യക്ഷമമായ റവന്യൂ ഭരണം

**ചോദ്യം**

ശ്രീ കെ.എൻ.എ.ഖാദർ
ശ്രീ എം.ഉമ്മർ
ശ്രീ മുഹമ്മദുണ്ണി ഹാജി

**മറുപടി**

ശ്രീ അടൂർ പ്രകാശ്
ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി

(എ) സംസ്ഥാന റവന്യൂ ഭരണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാന റവന്യൂ വകുപ്പ് പൊതുജനങ്ങളുമായി ബന്ധപ്പെട്ട് പ്രധാനമായും 3 തരം സേവനങ്ങളാണ് നൽകിവരുന്നത് : ഭൂസംബന്ധമായ സേവനങ്ങൾ, സർട്ടിഫിക്കറ്റുകളുടെ വിതരണം, സാമ്പത്തിക സേവനങ്ങൾ എന്നിവ. പ്രസ്തുത സേവനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. സ്വകാര്യഭൂമിയുടെ കൃത്യവും സുതാര്യവുമായ രേഖകൾ പൗരന് "എപ്പോഴും എവിടെയും ഭൂരേഖ" എന്ന സാക്ഷ്യപത്രത്തിലൂടെ ഉറപ്പുവരുത്തുക എന്ന ഉദ്ദേശത്തോടുകൂടി പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ RELIS എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. 31.03.2013-ന് മുമ്പ് 573 വില്ലേജുകളിൽ ഈ പദ്ധതി നടപ്പിൽ വരുന്നതാണ്.കൈവശഭൂമിയുടെ സ്കെച്ച് പൗരന് ലഭിക്കുന്നതിന് പുതുതായി രൂപീകരിക്കുന്ന ലാന്റ് ഗവേണൻസ് സൊസൈറ്റി ഓഫ് കേരളയുടെ കീഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. റവന്യൂ വകുപ്പിന്റെ പ്രധാന കർത്തവ്യങ്ങളിലൊന്നായ സർട്ടിഫിക്കറ്റ് വിതരണം ഐ.റ്റി. മിഷന്റെ സഹായത്തോടെ ഇ-ഡിസ്ട്രിക്ട് പദ്ധതിപ്രകാരം പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണ സംവിധാനത്തിലൂടെ പൗരന് സമീപമുള്ള അക്ഷയകേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കണ്ണൂർ, പാലക്കാട് ജില്ലകളിൽ ഈ സംവിധാനം നിലവിൽ വന്നിട്ടുള്ളതും ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അക്ഷയകേന്ദ്രത്തിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്നതുമാണ്. പൊതുജനങ്ങൾക്ക് സർക്കാരിലേയ്ക്ക് അടയ്ക്കുവാനുള്ള തുകകൾ ഖജനാവിലേയ്ക്ക് അപ്പപ്പോൾതന്നെ മുതൽക്കൂട്ടുന്നതിനും

ഭൂനികുതി, കെട്ടിടനികുതി, തോട്ടനികുതി, റവന്യൂ റിക്കവറി മുതലായ ഇനങ്ങളിലെ തുകകൾ ഒടുക്കുന്നതിന് ''ഓൺലൈൻ പെയ്മെന്റ് ഗേറ്റ്വേ''സംവിധാനം വഴി നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

| | |
|---|---|
| (ബി) വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) വേഗതയും സുതാര്യതയും ഉറപ്പുവരുത്തുന്ന ആധുനിക ഓഫീസുകളാക്കി വില്ലേജ് ഓഫീസുകളെ മാറ്റുക എന്ന ലക്ഷ്യത്തോടെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ തുടങ്ങുക എന്ന ആശയം നടപ്പിലാക്കുന്നതിന് സാധ്യതകൾ പരിശോധിച്ചുവരുന്നു. ഓൺലൈൻ പേയ്മെന്റ് ഡെലിവറി സാധ്യമാകുന്നതോടുകൂടി വീട്ടിലിരുന്നുതന്നെ ഭൂനികുതി, കെട്ടിടനികുതി, തോട്ടനികുതി മുതലായവ അടയ്ക്കുന്നതിന് സാധിക്കുന്നതും വില്ലേജ്/ താലൂക്ക് ഓഫീസുകൾ കയറിയിറങ്ങുന്നത് അവസാനിപ്പിക്കുവാനും കഴിയും. ''എപ്പോഴും എവിടെയും'' എന്ന തത്വം സ്മാർട്ട് ഓഫീസുകളിലൂടെ സാധ്യമാക്കുന്നതോടെ വില്ലേജ് ഓഫീസുകളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും മെച്ചപ്പെട്ട സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനും കഴിയും. ഇതിനായി പ്രത്യേക പരിശീലനപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 14 ജില്ലകളിലും 14 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ